**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 – 2018 ലെ പ്രളയ സഹായമായി അനുവദിച്ചതിൽ ചെലവഴിക്കാത്ത തുകയും 2019-20 ൽ ട്രഷറി ക്യൂവിലുള്ള ബില്ലുകളുടെ തുകയും അനുവദിക്കുന്നത് സംബന്ധിച്ച് . ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 2859/2020/ധന. തീയതി, തിരുവനന്തപുരം, 23 ഏപ്രിൽ 2020

---

പരാമർശം : 1) സ.ഉ(സാധാ)നം.9823/2019/ധന തീയതി 12.12.2019
2) സ.ഉ(സാധാ)നം.1381/2020/ധന തീയതി 19.02.2020
3) സ.ഉ(സാധാ)നം.2657/2020/ധന തീയതി 01.04.2020
4) ബഹു തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ 22.04.2020 ലെ 102/N/2020/MLSGD നമ്പർ കുറിപ്പ് .

**<u>ഉത്തരവ്</u>**

2018 ലെ പ്രളയം സാരമായി ബാധിച്ച പ്രാദേശിക സർക്കാരുകൾക്ക് പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം പ്രത്യേക വിഹിതം അനുവദിച്ചിട്ടുണ്ട്. ടി തുക വൈകിയാണ് അനുവദിച്ചതെന്നും മിക്ക പ്രാദേശിക സർക്കാരുകൾക്കും പ്രോജക്ടുകളുടെ അംഗീകാര നടപടികൾ പൂർത്തിയാക്കി നിർവഹണം നടത്തുന്നതിനും തുക വിനിയോഗിക്കാൻ കഴിഞ്ഞില്ലായെന്നും അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം അർഹതപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക് പ്രളയ സഹായമായി അനുവദിച്ച തുകയിൽ ചെലവഴിക്കാൻ കഴിയാത്ത തുകയും 2020 മാർച്ച് 31 നകം ട്രഷറിയിൽ ബില്ലുകൾ മാറാൻ കഴിയാതെ ബാക്കിയായ തുകയും പരാമർശം (3) ലെ ഉത്തരവ് പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള വികസന ഫണ്ടിന്റെ ഒന്നാം ഗഡു തുകയിൽ നിന്നും ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുകയും ചെയ്യുന്നു.

3) ബന്ധപ്പെട്ട ഡി.ഡി.ഒ മാർ ഇതു സംബന്ധിച്ച് ഒരു സാക്ഷ്യപത്രം ബില്ലിനോടൊപ്പം വെയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**

**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും/ ബ്ലോക്ക് പഞ്ചായത്തുകൾക്കും/ ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും /മുനിസിപ്പൽ കോർപ്പറേഷനുകൾക്കും

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (*E-1492890*)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.